## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **T 3912** **24.06.2014** ൽ മറുപടിയ്ക്ക്

### ചെങ്കൽ, കരിങ്കൽ, മണൽ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ചെങ്കൽ, കരിങ്കൽ, മണൽ ഖനനത്തിന് അനുമതി ലഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 1967 കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കു വിധേയമാണ് മൈനിങ് ആന്റ് ജിയോളജി വകുപ്പ് ചെങ്കൽ, കരിങ്കൽ, മണൽ (കരമണൽ) ഖനനത്തിന് അനുവാദം നൽകുന്നത്. ഈ ധാതുക്കൾ ഖനനം ചെയ്യുന്നതിന് അപേക്ഷ ഫീസായ 200 രൂപ സർക്കാർ ട്രഷറിയിൽ അടച്ച ചെലാൻ രസീതും അപേക്ഷയോടൊപ്പം റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കേറ്റ്, സർവ്വേ മേപ്പ് എന്നിവ ഹാജരാക്കേണ്ടതുണ്ട്. അപേക്ഷകൻ സ്ഥലമുടമയല്ലാത്ത പക്ഷം സ്ഥലമുടമ മുദ്ര പത്രത്തിൽ എഴുതി ഒപ്പിട്ട സമ്മതപത്രം അപേക്ഷകൻ ഹാജരാക്കണം. സർക്കാർ ഭൂമിയിലാണ് ഖനനം നടത്തുവാൻ ഉദ്ദേശിക്കുന്നതെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി റവന്യൂ വകുപ്പ് അനുവദിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഏതുതരം ഭൂമിയിൽ ആയാലും മണൽ (കരമണൽ) ഖനനം ചെയ്യുന്നതിന് ജില്ലാ കളക്ടർ അനുവദിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതുണ്ട്. കരമണൽ ഖനനത്തിന്റെ സംഗതിയിൽ ഖനന ശേഷം രൂപപ്പെടുന്ന കുഴികൾ മണ്ണിട്ട് നികത്താനാവശ്യമായ ചെലവിന് ആനുപാതികമായി ബാങ്ക് ഗ്യാരണ്ടിയും നൽകണം. അപേക്ഷ ലഭിച്ചതിനുശേഷം സ്ഥല പരിശോധന നടത്തി. മേൽപറഞ്ഞ ചട്ടങ്ങൾക്കു വിധേയമായി പെർമിറ്റ് അനുവദിക്കുവാൻ സാഹചര്യമുള്ള സ്ഥലമാണെങ്കിൽ ഖനനം ചെയ്യേണ്ട ധാതുവിന് സർക്കാരിലേക്കുള്ള റോയൽറ്റി അടച്ച് ചെലാൻ രസീത് ഹാജരാക്കുന്ന മുറയ്ക്ക് പെർമിറ്റ് അനുവദിക്കുന്നു. കരിങ്കല്ല് ഖനനത്തിന്റെ സംഗതിയിൽ മൈനിങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുവദിക്കുന്ന പെർമിറ്റിനു പുറമേ, ഖനനം ചെയ്യേണ്ട ആവശ്യത്തിലേയ്ക്കായി എക്സ്പ്ലോസീവ് ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സമ്മത പത്രം എന്നിവ ആവശ്യമാണ്. കൂടാതെ പാരിസ്ഥിതികാഘാത പഠനം നടത്തി പാരിസ്ഥിതികാനുമതിയും |

| | | | |
|---|---|---|---|
| | | | നേടേണ്ടതുണ്ട്. ദീർഘകാലത്തേയ്ക്കുള്ള ക്വാറീയിങ് ലീസ് അനുവദിക്കുന്നതിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി കൂടി ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | ഓരോ വിഭാഗത്തിനും സർക്കാറിന് ലഭിക്കേണ്ട ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ഖനനത്തിന് അനുമതി ലഭിക്കുന്നവർ നിശ്ചിത അളവിൽ മാത്രമേ ഖനനം നടത്തുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തൊക്കെ സംവിധാനം നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ; | (സി) | ചെങ്കൽ, കരിങ്കല്ല് എന്നിവയ്ക്ക് കൺസോളിഡേറ്റഡ് റോയൽറ്റി അടയ്ക്കുന്നവർക്ക് ഖനനത്തിനുള്ള അളവ് ബാധകമല്ല. വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി അടയ്ക്കുമ്പോൾ വിസ്തീർണ്ണത്തിന്റെ പരിധി ലംഘിച്ചുവോ എന്നാണ് ഇക്കാര്യത്തിൽ പരിശോധിക്കുന്നത്. കൺസോളിഡേറ്റഡ് റോയൽറ്റി സംവിധാനം ഉപയോഗപ്പെടുത്താത്തവരുടെ കാര്യത്തിൽ നീക്കം ചെയ്യുന്ന ധാതുവിന്റെ അളവ് പരിശോധിക്കേണ്ടതുണ്ട്. നിലവിൽ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഇത്തരം പരിശോധനയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ഡി) | ചെങ്കൽ, കരിങ്കൽ എന്നിവ എത്ര ആഴത്തിൽ വരെ ഖനനം ചെയ്യുന്നതിനാണ് അനുമതിയുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | ക്വാറീയിങ് പെർമിറ്റ് പ്രകാരം 1 വർഷം വരെ ഖനനം അനുവദിക്കുമ്പോൾ ഉപരിതലത്തിൽ നിന്നും 6 മീറ്റർ വരെ ആഴത്തിൽ ഖനനം ചെയ്യാനാണ് അനുമതി നൽകുന്നത്. എന്നാൽ 6 മീറ്ററിൽ കൂടുതൽ ആഴത്തിൽ ഖനനം നടത്തണമെങ്കിൽ, 1952 ലെ മൈൻസ് ആക്ടിന് വിധേയമായി മാത്രമേ ഖനനം തുടരാൻ സാധിക്കുകയുള്ളൂ. |
| (ഇ) | 2013-14 വർഷത്തിലും നടപ്പുവർഷത്തിൽ ഇതുവരെയും കൊയിലാണ്ടി താലൂക്കിൽ എത്ര പേർക്ക് ചെങ്കൽ, കരിങ്കൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ഇ) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | പ്രസ്തുത പഞ്ചായത്തുകളിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന എത്ര ഖനന കേന്ദ്രങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ? | (എഫ്) | കൊയിലാണ്ടി താലൂക്കിൽ നിലവിൽ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

കരിങ്കൽ, ചെങ്കൽ എന്നിവയുടെ സംഗതിയിൽ രണ്ടു തരത്തിലാണ് ഫീസ് ഈടാക്കുന്നത്. നീക്കം ചെയ്യുന്ന ധാതുവിന്റെ അളവിനു ആനുപാതികമായി റോയൽറ്റി ഈടാക്കുന്നതാണ് ഒരു രീതി. ഒരു ടൺ കരിങ്കല്ലിന്റെ/ചെങ്കല്ലിന്റെ റോയൽറ്റി 16 രൂപയാണ്. പെർമിറ്റ് അനുവദിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി ഒരു വർഷത്തേയ്ക്ക് കൺസോളിഡേറ്റഡ് റോയൽറ്റി അടയ്ക്കുന്നതാണ് മറ്റൊരു രീതി. കരിങ്കല്ലിന്റെ സംഗതിയിൽ 5 ആർ വരെയുള്ള സ്ഥലത്തിന് 15000 രൂപ ഈടാക്കുമ്പോൾ കരിങ്കല്ല് നീക്കം ചെയ്യുന്നതിന് 300 പാസ്, 10 ആർ വരെയുള്ള സ്ഥലത്തിന് 25000 രൂപ ഈടാക്കുമ്പോൾ 600 പാസ്, 15 ആർ വരെയുള്ള സ്ഥലത്തിന് 50,000 രൂപ ഈടാക്കുമ്പോൾ 1500 പാസ്, 15 ആറിനു മുകളിൽ 1 ലക്ഷം രൂപ ഈടാക്കുമ്പോൾ 4000 പാസ്, ചെങ്കല്ലിന്റെ സംഗതിയിൽ 10 ആർ വരെയുള്ള സ്ഥലത്തിന് 10,000 രൂപ ഈടാക്കുമ്പോൾ ചെങ്കല്ല് നീക്കം ചെയ്യുന്നതിന് 300 പാസ്, 20 ആർ വരെയുള്ള സ്ഥലത്തിന് 25,000 രൂപ ഈടാക്കുമ്പോൾ 600 പാസ്, 30 ആർ വരെയുള്ള സ്ഥലത്തിന് 50,000 രൂപ ഈടാക്കുമ്പോൾ 1500 പാസ്, 30 ആറിനു മുകളിൽ 1 ലക്ഷം രൂപ ഈടാക്കുമ്പോൾ 4000 പാസ് ഇപ്രകാരമാണ് പാസ് അനുവദിക്കുക. കരിങ്കല്ലിന്റെയും ചെങ്കല്ലിന്റെയും കാര്യത്തിൽ പാസ് തീർന്നുപോയാൽ 5000 രൂപ വീതം റോയൽറ്റി ഈടാക്കി 100 പാസ് അനുവദിക്കാവുന്നതാണ്. ഇപ്രകാരം 1000 പാസ് വരെ അനുവദിക്കാം. തുടർന്ന് പെർമിറ്റ് റദ്ദാക്കി പുതിയ പെർമിറ്റ് നേടേണ്ടതാണ്.

സാധാരണ മണൽ (കരമണൽ) ഖനനത്തിന് റോയൽറ്റിയായി ഈടാക്കുന്നത് ടൺ ഒന്നിന് 10 രൂപയാണ്.

ക്രഷർ, കരിങ്കല്ല് ക്വാറി എന്നിവ സ്വന്തമായുള്ളവരും മേൽപറഞ്ഞ ചട്ട പ്രകാരം ദീർഘകാലത്തേയ്ക്ക് ക്വാറീയിങ് ലീസ് സമ്പാദിച്ചവരുമായ വ്യക്തികൾക്ക് ക്രഷറിൽ ഉപയാഗിക്കുന്ന മെഷീന്റെ ജോ(Jaw) സൈസിന് ആനുപാതികമായി ഒരു വർഷത്തേയ്ക്ക് കൺസോളിഡേറ്റഡ് റോയൽറ്റി അടച്ചാൽ മതിയാകുന്നതാണ്. റോയൽറ്റി നിരക്ക് താഴെ കൊടുക്കുന്നു.

| **ജോ സൈസ് സെന്റീ മീറ്ററിൽ** | **വാർഷിക റോയൽറ്റി** |
|---|---|
| 30.48 x 17.78 മുതൽ 40.64 x 22.86 | 50,000 രൂപ |
| 40.64 x 22.86 നു മുകളിൽ 76.20 x 20.32 വരെ | 1 ലക്ഷം രൂപ |
| 76.20 x 20.32 നു മുകളിൽ 76.20 x 22.86, 106.68 x 15.24 | 2 ലക്ഷം രൂപ |
| മറ്റേതൊരു കരിങ്കല്ല് പൊടിക്കുന്ന യന്ത്രത്തിനും 2 ലക്ഷം രൂപ വീതവും ഈടാക്കി വരുന്നു. | |

## അനുബന്ധം -2

2013-14 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി താലൂക്കിൽ ചെങ്കല്ലിന് 51 ഖനനാനുമതിയും കരിങ്കല്ലിന് 51 അനുമതിയും നൽകിയിട്ടുണ്ട്.

| ചെങ്കല്ല് | | കരിങ്കല്ല് | |
|---|---|---|---|
| കൊയിലാണ്ടി മുനിസ്പ്പാലിറ്റി | 1 | അവിട്ടനെല്ലൂർ | 1 |
| അരിക്കുളം | 1 | ബാലുശ്ശേരി | 1 |
| അത്തോളി | 7 | ചക്കിട്ടപ്പാറ | 5 |
| ബാലുശ്ശേരി | 6 | ചങ്ങറോത്ത് | 3 |
| ചെങ്കനത്ത് | 1 | കായണ്ണ | 3 |
| ചേരുവനൂർ | 1 | കീഴരിയൂർ | 3 |
| ഇറവട്ടൂർ | 1 | കൂരച്ചുണ്ട് | 11 |
| കായണ്ണ | 3 | കൂത്താളി | 1 |
| കീഴാരിയൂർ | 7 | കോട്ടൂർ | 1 |
| കോട്ടൂർ | 4 | മേപ്പയൂർ | 1 |
| മേപ്പയൂർ | 1 | നടവണ്ണൂർ | 2 |
| മൂടാടി | 1 | നോച്ചാട് | 3 |
| നടുവണ്ണൂർ | 6 | പനങ്ങാട് | 5 |
| പനങ്ങാട് | 1 | തുറയൂർ | 1 |
| പേരമ്പ്ര | 1 | ഉണ്ണിക്കുളം | 10 |
| തുറയൂർ | 2 | | |
| ഉളിയേരി | 6 | | |
| ഉണ്ണിക്കുളം | 1 | | |
| **ആകെ** | 51 | **ആകെ** | 51 |

2014-15 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി താലൂക്കിൽ ചെങ്കല്ലിന് 10 ഖനനാനുമതിയും കരിങ്കല്ലിന് 17 അനുമതിയും നൽകിയിട്ടുണ്ട്.

| ചെങ്കല്ല് | | കരിങ്കല്ല് | |
|---|---|---|---|
| അത്തോളി | 1 | അത്തോളി | 1 |
| ബാലുശ്ശേരി | 3 | ചക്കിട്ടപ്പാറ | 3 |
| കായണ്ണ | 1 | കീഴരിയൂർ | 2 |
| കോട്ടൂർ | 2 | കൂരച്ചുണ്ട് | 1 |
| മേപ്പയൂർ | 1 | മേപ്പയൂർ | 2 |
| നടുവണ്ണൂർ | 1 | പനങ്ങാട് | 4 |
| ഉളിയേരി | 1 | പേരമ്പ്ര | 1 |
| | | ഉളിയേരി | 1 |
| | | ഉണ്ണിക്കുളം | 2 |
| **ആകെ** | 10 | **ആകെ** | 17 |

**സെക്ഷൻ ഓഫീസർ**